96/DGE/HSE/NSS/2024


പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ജഗതി, ഉള്ളൂർ ലെയിൻ (Opp. New Building),
തിരുവനന്തപുരം.
04712323023
dhsensskerala@gmail.com


തീയതി : 09.10.2024

## സർക്കുലർ

**വിഷയം :** പൊതുവിദ്യാഭ്യാസം-ലോകമാനസികാരോഗ്യദിനമായ ഒക്ടോബർ 10 ന് 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ദേശീയ ഓൺലൈൻ വർക്ക്ഷോപ്പ് - സംബന്ധിച്ച്

**സൂചന :** 1) 9/10/2024 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ M.5/21078/2024/ DGE നമ്പർ സർക്കുലർ

സൂചന സർക്കുലർ പ്രകാരം ദേശീയ മാനസികാരോഗ്യദിനമായ ഒക്ടോബർ 10 ന് 3 പി.എം. മുതൽ 4 പി.എം. വരെ 6 മുതൽ 12 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി മാനസിക ആരോഗ്യ, സൈബർ സെക്യൂരിറ്റി എന്നീ വിഷയങ്ങളിലൂന്നി കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം ഒരു ദേശീയ ഓൺലൈൻ വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു.

പ്രസ്തുത വർക്ക്ഷോപ്പിൽ യുവാക്കളിലെ മാനസിക സമ്മർദ്ദം, ഉത്ഘണ്ഠ, വിഷാദം എന്നിവ തിരിച്ചറിയൽ പരിഹാരം എന്നിവ സംബന്ധിച്ച ചർച്ചകൾ നടത്തുന്നു. കൂടാതെ സൈബർ മേഖലയിലെ കുറ്റകൃത്യങ്ങളും ആയത് സംബന്ധിച്ച പ്രധാന നിയമങ്ങൾ, സോഷ്യൽ മീഡിയിൽ സ്വകാര്യത സംരക്ഷണം, സൈബർ ബുള്ളിയിംഗ് എന്നിവ സംബന്ധിച്ച വിഷയങ്ങളും ചർച്ച ചെയ്യുന്നു.

ഡൽഹി AIIMS മാനസികാരോഗ്യവിഭാഗം പ്രൊഫസർ ശ്രീ. രാജേഷ് സാഗർ, കുമാരി രശ്മി (DCP, Indian Cyber Crime Co-ordination Centre) എന്നിവരാണ് വർക്ക്ഷോപ്പ് നയിക്കുന്നത്.

എല്ലാ ഹയർ സെക്കന്ററി എൻ.എസ്.എസ്. വോളന്റിയർമാരെയും മാനസികാരോഗ്യ ദിനാചരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തി നിർദ്ദിഷ്ട യു ട്യൂബ് ലിങ്കിൽ നിന്നും തത്സമയം ടി പരിപാടി പ്രദർശിപ്പിക്കേണ്ടതാണ്. ടി പ്രദർശനത്തിന്റെ ഫോട്ടോ ജില്ലാ തലത്തിൽ അയച്ചുകൊടുക്കേണ്ടതാണ്. ടി പ്രദർശനം ഓറിയന്റേഷൻ പ്രവർത്തനത്തിന്റെ ഭാഗമായി രേഖപ്പെടുത്തേണ്ടതാണ്.

(www.youtube.com/watch?v=Z7in9EXH2Ow)

കൂടുതൽ വിവരങ്ങൾക്ക് ജില്ലാ റീജിയണൽ കൺവീനർമാരെ ബന്ധപ്പെടേണ്ടതാണ്.

പ്രോഗ്രാം കോ-ഓർഡിനേറ്റർ

"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:- എം.5/21078/2024/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 09-10-2024

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ലോക മാനസികാരോഗ്യ ദിനമായ ഒക്ടോബർ 10-ന് ആറ് മുതൽ പന്ത്രണ്ട്-വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ദേശീയ ഓൺലൈൻ വർക്ക്ഷോപ്പ് - സംബന്ധിച്ച്

സൂചന :- കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം (DEPARTMENT OF SCHOOL EDUCATION & LITERACY) ജോയിന്റ് സെക്രട്ടറിയുടെ 07/10/2024-തീയതിയിലെ D.O No. 2-6/2024-15-11നമ്പർ കത്ത്

*****

ലോക മാനസികാരോഗ്യ ദിനമായ ഒക്ടോബർ 10-ന് 3.00 pm മുതൽ 4.00 pm വരെ ആറ് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി മാനസിക ആരോഗ്യം,സൈബർ സെക്യൂരിറ്റി എന്നീ വിഷയങ്ങളിലൂന്നി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഒരു ദേശീയ ഓൺലൈൻ വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു. പ്രസ്തുത വർക്ക്ഷോപ്പിൽ യുവാക്കളിലെ മാനസിക സമ്മർദ്ദം, ഉത്കണ്ഠ, വിഷാദം, എന്നിവ തിരിച്ചറിയൽ, പരിഹാരം എന്നിവ സംബന്ധിച്ച് ചർച്ചകൾ നടത്തുന്നു. കൂടാതെ സൈബർ മേഖലയിലെ കുറ്റകൃത്യങ്ങളും ആയത് സംബന്ധിച്ച പ്രധാന നിയമങ്ങൾ, സോഷ്യൽ മീഡിയയിൽ സ്വകാര്യത സംരക്ഷണം, സൈബർ ബുള്ളിയിംഗ് എന്നിവ സംബന്ധിച്ച വിഷയങ്ങളും ചർച്ച ചെയ്യുന്നു. ഡൽഹി എയിംസ് മാനസികാരോഗ്യ വിഭാഗം പ്രൊഫസർ ശ്രീ.രാജേഷ് സാഗർ, കുമാരി. രശ്മി (DCP, Indian Cybercrime Coordination Centre) എന്നിവരാണ് വർക്ക്ഷോപ്പ് നയിക്കുന്നത്

പ്രസ്തുത വർക്ക്ഷോപ്പിൽ താങ്കളുടെ അധികാര പരിധിയിലുള്ള സ്കൂളുകളിലെ ആറ് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ കുട്ടികൾ അധ്യാപകർ, പ്രധാന അധ്യാപകർ, പ്രിൻസിപ്പൽമാർ എന്നിവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്. ടി വർക്ക്ഷോപ്പിന്റെ

തൽസമയ സംപ്രേക്ഷണം ചുവടെ ചേര്‍ത്തിരിക്കുന്ന യൂട്യൂബ് ലിങ്കിൽ ലഭിക്കുന്നതാണെന്നും അറിയിക്കുന്നു. (https://www.youtube.com/watch?v=Z7in9EXH2Ow)

Signed by
Shanavas S
Date: 09-10-2024 19:18:06
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരും (HSS വിഭാഗം)
എല്ലാ അസിസ്റ്റൻറ് ഡയറക്ടർമാരും(VHSE വിഭാഗം)
എല്ലാ ജില്ലാ /ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
സ്റ്റേറ്റ് കോഓർഡിനേറ്റർ CG&AC
എല്ലാ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരും (RDD മുഖേന)
എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരും (AD മുഖേന)
എല്ലാ സ്കൂൾ പ്രഥമാധ്യാപകരും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
എൻ എസ് എസ് കോ ഓർഡിനേറ്റർമാർ(HSS & VHSS വിഭാഗം)

പകർപ്പ്:

കരുതൽ ഫയൽ